KANNUR
DIOCESAN GAZETTE
കണ്ണൂർ രൂപതാ ഗസറ്റ്

Vol. XVIII 2017 July 10 No: 3

# സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ, കുഞ്ഞുമക്കളെ,

"യേശുക്രിസ്തുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും മുഴുജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം കൊണ്ട് നിറയുന്നു. അവിടുത്തെ രക്ഷ സ്വീകരിക്കുന്നവർ പാപം, ദുഃഖം, ആന്തരിക ശൂന്യത, ഏകാന്തത എന്നിവയിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുന്നു". ഫ്രാൻസിസ് പാപ്പയുടെ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ പ്രാരംഭവാക്യങ്ങളാണിവ. 'സന്തോഷത്താൽ മുദ്രിതമായ സുവിശേഷത്തിന്റെ പുതിയൊരു അദ്ധ്യായം തുറക്കുന്നതിനും', 'വരാനിരിക്കുന്ന വർഷങ്ങളിൽ സഭയുടെ യാത്രക്കുള്ള പുതിയ പാതകൾ' കണ്ടെത്തുന്നതിനും യേശുക്രിസ്തുവിനെ കൂടുതൽ അടുത്തറിയുമ്പോഴുള്ള സുവിശേഷത്തിന്റെ ആനന്ദം അവസരമൊരുക്കുന്നു.

മൂന്ന് കാര്യങ്ങൾ അറിയിക്കാനാണ് ഞാനിതെഴുതുന്നത്: 1. വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാനും കൂട്ടായ്മയിൽ വളരാനുമായി മിഷൻ കോൺഗ്രസും ചിറക്കൽ മിഷൻ വാർഷികവും; 3. വൈദീകരുടെയും പിതാക്കന്മാരുടെയും വാർഷിക ധ്യാനം; 3. വി.കുർബ്ബാന അർപ്പിക്കാൻ നല്കുന്ന കാണിക്ക (Offering).

### 1. മിഷൻ കോൺഗ്രസും ചിറക്കൽ മിഷൻ 80-ാം വാർഷികവും

വലിയ പ്രത്യാശയോടെയാണ് 2017 ഒക്ടോബർ 6,7,8 തിയതികളിൽ വല്ലാർപാടം മരിയൻ ബസ്സിലിക്കയിൽ വച്ചു നടത്തപ്പെടുന്ന മിഷൻ കോൺഗ്രസിനായി കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ കേരള ലത്തീൻ സഭ ഒരുങ്ങുന്നത്. അതോടൊപ്പം, 1937 ഒക്ടോബറിൽ 28- ന് 12 പേർ ത്യാഗവര്യനായ പീറ്റർ കയ്റോണി അച്ചന്റെ കൈകളിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച് ചിറക്കൽ മിഷൻ സമാരംഭിച്ചതിന്റെ 80-ാം വാർഷികവും കണ്ണൂർ രൂപത ഒന്നായി ആഘോഷിക്കാൻ ഒരുങ്ങുന്നു. പിലാത്തറ ബൈബിൾ കൺവെൻഷന്റെ സമാപനദിവസം 2017 ജനുവരി 21-ന് , "വിശ്വാസത്തിന്റെ അഗ്നി കുടുംബങ്ങളിലേക്ക്" (Fire of Faith back to our Families) എന്ന ആപ്തവാക്യവുമായി ഈ ആചരണങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. മൂന്നു മേഖലകളിലാണ്

നാം സവിശേഷമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. കുടുംബപ്രേഷിതത്വ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദമ്പതികൾക്കും, യുവജനപ്രേഷിതസമിതിയുടെ നേതൃത്വത്തിൽ യുവതിയുവാക്കൾക്കും, മതബോധനവിഭാഗത്തിന്റെ സഹകരണത്തോടെ കുഞ്ഞുങ്ങൾക്കും വിശ്വാസനവീകരണവും ശക്തിപ്പെടുത്തലും ലക്ഷ്യം വച്ചുള്ള കാര്യങ്ങൾ സംഘടിപ്പിക്കും. അതോടൊപ്പം ബഹു. വൈദീകരുടെയും, സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ, 'ഹോം മിഷനും!'.

മിഷൻ കോൺഗ്രസിനോടനുബന്ധിച്ച്, 2017 ഒക്ടോബർ 8-ാം തിയതി, കേരളത്തിലെ 12 ലത്തീൻ രൂപതകളും ഒന്നുചേർന്ന് സഭയെ മുഴുവൻ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിലൂടെ യേശുവിന്റെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കാൻ കെ.ആർ.എൽ.സി.സി.യുടെ നേതൃത്വം വഹിക്കുന്ന അഭിവന്ദ്യ സൂസപാക്യം പിതാവ് ആഹ്വാനം ചെയ്തിരിക്കുകയാണ്. പരിശുദ്ധ മാതാവിന്റെ മാതൃകയും മാദ്ധ്യസ്ഥവും സ്വീകരിച്ച്, യേശുവിനെ ആഴമായി അനുഭവിച്ചറിയാനും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവമക്കളായി രൂപാന്തരപ്പെടുവാനും സഹായിക്കുന്ന സുനിശ്ചിതവും ലളിതവും സുഗമവുമായ മാർഗമാണ് മരിയൻ സമർപ്പണം. മരിയൻ സമർപ്പണത്തിന്റെ ആദ്യ അപ്പോസ്തലനായ വി. ലൂയിസ് ഡി മോൺ ഫോർട്ടിൽ നിന്നും പ്രചോദനം സ്വീകരിച്ച്, 33 ദിവസങ്ങൾ നീണ്ടുനില്ക്കുന്ന പ്രാർത്ഥനയും ഒരുക്കവും ഓരോ കുടുംബത്തിലും ഇടവകയിലും രൂപത മുഴുവനിലും ഉണ്ടാകും. വിശദാംശങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്.

നമ്മുടെ രൂപതയിലെ 10 ഇടവകകളിൽ പൂർണ്ണമായും രണ്ട് ഇടവകകളിൽ ഭാഗികമായും ഭവന സന്ദർശനം പൂർത്തിയാക്കിയപ്പോൾ, ശ്രദ്ധിച്ച ഒരു കാര്യം ഇതാണ്. നമ്മുടെ കുറെയധികം കുടുംബങ്ങളിൽ തിരുഹൃദയത്തിന്റെ രൂപം ഇനിയും പ്രതിഷ്ഠിച്ചുവയ്ക്കാനുണ്ട്. രണ്ട് വ്യത്യസ്ഥ വലിപ്പത്തിൽ ആഗസ്റ്റ് അവസാനത്തോടെ രൂപതാ കാര്യാലയത്തിൽ അത് ലഭ്യമായിരിക്കും. 'അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ' (മത്താ.11:28) എന്നരുൾ ചെയ്ത യേശുവിന്റെ തിരുഹൃദയത്തിന്റെ സാന്നിദ്ധ്യം എന്നും നമ്മുടെ കുടുംബങ്ങൾക്ക് അനുഗ്രഹമാകട്ടെ.

**2. വൈദീകരുടെയും പിതാക്കന്മാരുടെയും വാർഷിക ധ്യാനം.**

നമ്മുടെ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദീകരുടെ വാർഷിക ധ്യാനം 2017 ജൂലൈ 23, ഞായർ വൈകിട്ട് 7 മണി മുതൽ 28, വെള്ളി, 1.30 മണി വരെ പരിയാരം ഐ.ആർ.സിയിൽ വച്ച് നടത്തപ്പെടുന്നു. കേരളത്തിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെ വാർഷിക ധ്യാനം 2017 ആഗസ്റ്റ് 7 മുതൽ 12 വരെയും ആയിരിക്കും. നിത്യപുരോഹിതനായ യേശുനാഥനോട് ഞങ്ങൾക്കെല്ലാം വേണ്ടി പ്രിയപ്പെട്ട ദൈവജനം പ്രാർത്ഥിക്കണമെന്ന് യാചിക്കുന്നു. ഞങ്ങ

ളുടെ ഹൃദയങ്ങൾ ലോകത്തിന്റെ പ്രലോഭനങ്ങളിൽ നിന്ന് അകന്ന് ജീവിത വിശുദ്ധി പരിരക്ഷിക്കാൻ നിരന്തരം പ്രാർത്ഥിക്കുക.

**3. വി.കുർബ്ബാന അർപ്പിക്കാൻ നല്കുന്ന കാണിക്ക (Offering)**

സഭയുടെ പുരാതനപാരമ്പര്യമനുസരിച്ച്, വി.കുർബ്ബാന തങ്ങളുടെ പ്രത്യേക നിയോഗത്തിനു വേണ്ടി അർപ്പിക്കാൻ ആഗ്രഹിച്ചിരുന്ന ദൈവജനം, സഭയുടെ ഉപവിപ്രവർത്തനങ്ങൾക്കും, വൈദീകരുടെ ചെലവുകളിലേക്കുമായി 'കുർബ്ബാനപണം' എന്ന പേരിൽ ഒരു തുക നല്കി വരുന്നു. യഥാർത്ഥത്തിൽ വി. കുർബ്ബാനയെ പണവുമായി ബന്ധിപ്പിക്കാൻ പാടില്ലെങ്കിലും ഒത്തിരി സന്തോഷത്തോടെ ക്രൈസ്തവ സമൂഹം നല്കുന്ന ഈ കാണിക്ക സഭാ ശുശ്രൂഷകരുടെ പരിപാലനത്തിനും ഉപവിപ്രവർത്തനങ്ങൾക്കും നന്നെ ഉപകരിക്കുന്നു. നമ്മുടെ രൂപതയിൽ ഏതെങ്കിലും നിയോഗത്തിനായി വിശുദ്ധബലി അർപ്പിക്കാൻ ഏല്പിക്കുന്നവർ 100 രൂപയോ അതിൽ അധികമോ പലയിടത്തും നല്കി വരുന്നു. ഇക്കഴിഞ്ഞ കേരള മെത്രാൻ സമിതിയുടെ സമ്മേളനത്തിൽ ഈ കാര്യം അംഗീകരിക്കുകയും വി. കുർബ്ബാന പ്രത്യേക നിയോഗത്തിനായി അർപ്പിക്കുവർ 100 രൂപയെങ്കിലും അതിലേക്ക് കാണിക്ക (Offering) യായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തവിവരം ഇതിനാൽ അറിയിക്കുന്നു.

യേശു ക്രിസ്തുവിനെ കണ്ടുമുട്ടുന്ന നമ്മുടെ ഹൃദയങ്ങൾ സുവിശേഷത്തിന്റെ ആനന്ദം കൊണ്ടുനിറയട്ടെ. വരപ്രസാദനാഥ അതിനായി മാദ്ധ്യസ്ഥം വഹിക്കട്ടെ.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവം ആശീർവദിക്കുന്നു.

കണ്ണൂർ ബിഷപ്സ് ഹൗസിൽനിന്ന്

കണ്ണൂർ
10.07.2017

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

---

N.B: ഈ സർക്കുലർ 2017 ജൂലൈ 16 നോ, 23 നോ വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും വായിക്കേണ്ടതാണ്.